LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കന്ററി പൊളിറ്റിക്കൽ സയൻസ് ഒഴിവുകൾ നികത്തുന്നതിന് നടപടി

118 [3102] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററിയിൽ പൊളിറ്റിക്കൽ സയൻസ് (സീനിയർ) വിഭാഗത്തിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) & (ബി) 110 ഒഴിവുകൾ ഉണ്ട്. ഇതിൽ പി.എസ്.സി.വഴി നികത്തേണ്ട 81 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള 29 ഒഴിവുകൾ നികത്തുന്നതിന് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതയുള്ള വകുപ്പുതല അദ്ധ്യാപകരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

സഹകരണ അക്കാദമിയുടെ കീഴിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക്

119 [3103] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ അക്കാദമിയുടെ കീഴിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ 2002 മുതൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ എത്ര രൂപയാണ് ഫീസ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) 2002 മുതൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവർക്ക് സർക്കാർ നൽകിയിട്ടുള്ള ഫീസ് ആനുകൂല്യം മറ്റു വർഷങ്ങളിലും ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ഡി) 2003-2004 വർഷങ്ങളിലെ ഫീസ് സ്വീകരിക്കുന്നത് മറ്റു വർഷങ്ങളിൽനിന്നും വ്യത്യസ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ അക്കാദമിയുടെ കീഴിൽ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്.

GPM. 2/608/2012—19

(ബി) 2002 മുതൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ നൽകുന്ന ഫീസ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

2002-2003	—	3,000 രൂപ
2003-2004	—	36,000 രൂപ (വാർഷിക കുടുംബ വരുമാനം 60,000 രൂപയിൽ താഴെയുള്ളവർക്ക് 18,000 രൂപ)
2004-2005	—	4,000 രൂപ
2005-2006	—	4,000 രൂപ

(സി) 2003-2004 വർഷത്തിൽ പ്രവേശനം ലഭിച്ചവർക്ക് മാത്രം ലഭിക്കുന്നില്ല. പ്രസ്തുത വർഷം മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ 26-5-2003-ലെ ജി.ഒ.(ആർടി.) 718/2003/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 36,000 രൂപയും 19-6-2003-ലെ ജി.ഒ.(ആർടി.) 869/2003/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 60,000 രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾ 18,000 രൂപയുമാണ് ഫീസിനത്തിൽ നൽകേണ്ടത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആൻസർ സ്ക്രിപ്റ്റ് ചെയ്യുന്നതിന് പരിശീലനവും പൊതുചോദ്യപേപ്പറും

120 [3104] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. കെ. എ. ചന്ദ്രൻ:
,, *സി. പി. മുഹമ്മദ്:*
,, *വർക്കല കഹാർ:*
,, *കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ ആൻസർ സ്കിപ്റ്റ് പരിശോധിക്കുന്നതിന് പരിശീലനം ലഭിക്കാത്ത എത്ര അദ്ധ്യാപകരുണ്ട്;

(ബി) ഇവർക്ക് എന്നത്തേക്ക് പരിശീലനം നൽകുവാൻ കഴിയും;

(സി) ഹൈസ്കൂൾ ക്ലാസ്സുകളിലെ ഓണം, ക്രിസ്മസ് പരീക്ഷകൾക്കുകൂടി പൊതുചോദ്യപേപ്പർ ഉപയോഗിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ പൊതുചോദ്യപേപ്പറുകൾ എപ്രകാരം തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly